# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 188** 08.02.2016-ൽ മറുപടിയ്ക്ക് നൽകേണ്ടിയിരുന്നത്

**<u>ചട്ടങ്ങളുടെ രൂപീകരണം</u>**

**ചോദ്യം** **മറുപടി**

ശ്രീ. പി.കെ. ഗുരുദാസൻ

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| എ) | നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് ചട്ടം രൂപീകരിച്ചിട്ടില്ലാത്തവ ഏതെല്ലാം; വിശദമാക്കാമോ; | <u>നിയമ വകുപ്പ്</u><br>1095-ലെ ക്രിസ്ത്യൻ വിവാഹ ആക്റ്റിന്റെ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u><br>ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് 2007-ലെ 13-ാം ആക്റ്റ്, 2007-ലെ കേരള വർഷകാല മത്സ്യബന്ധന സംയുക്ത ആക്ട് എന്നിവയ്ക്ക് ചട്ടം രൂപീകരിച്ചിട്ടില്ല.<br><br><u>വിജിലൻസ് വകുപ്പ്</u><br>കേരള ലോകായുക്തയുടെ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിലേക്കായി 'K.P.S.C Additional Functions as respects the Lok Ayukta Bill 2002 നിയമസഭ പാസാക്കിയിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br><u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u><br>കേരള ഹെൽത്ത് സർവ്വീസസ് പേഷ്യൻസ് & |

| | | |
|---|---|---|
| | | ഹെൽത്ത് സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രിവൻഷൻ ഓഫ് വയലൻസ് & ഡാമേജ് ടു പ്രോപ്പർട്ടി) ആക്റ്റ് 2012<br><br><u>പ്രവാസി കേരളീയകാര്യ (ബി) വകുപ്പ്</u><br>2015 ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br><u>കൃഷി വകുപ്പ്</u><br>1968-ലെ കേരള പബ്ലിക് സർവ്വീസ് ആക്റ്റിനു കീഴിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ Subordinate Service Special Rules രൂപീകരിക്കുന്നതിനുള്ള നടപടിയും 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിനു കീഴിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിയും (കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ചത്). കേരാഫെഡിലെ ചട്ടങ്ങൾക്ക് അംഗീകാരം നൽകാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.<br><br><u>ഊർജ്ജ വകുപ്പ്</u><br>ലിഫ്റ്റ് നിയമം ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്<br><br><u>ആഭ്യന്തര വകുപ്പ്</u><br>കേരള പോലീസ് ആക്റ്റ് 2011 നെ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനും 1962 ലെ ഫയർ ഫോഴ്സ് ആക്റ്റ് പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br><u>ജലവിഭവ വകുപ്പ്</u><br>കേരള വാട്ടർ അതോറിറ്റിയിൽ, 1986 ലെ Kerala Water Supply and Sewerage Act ന് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br>ഭൂജല വകുപ്പിൽ കേരള ഭൂജലം (നിയന്ത്രണവും |

| | | |
|---|---|---|
| | | ക്രമീകരണവും ആക്ട് 2002-ന്റെ സെക്ഷൻ 10A, 11, 21, 22, 15(3), 16 എന്നിവയ്ക്ക് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കേണ്ടതായുണ്ട്.<br><br>തദ്ദേശസ്വയംഭരണ വകുപ്പ്<br>Kerala Town and Country Planning (Preparation and Sanctioning of Master Plan) Rules 2016, Kerala Town and Country Planning (Preperation and Sanctioning of Detailed Town Planning Scheme) 2017 എന്നീ ചട്ടങ്ങൾ തയ്യാറാക്കി വരുന്നു. 2011 ലെ കേരള ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും ലൈസൻസ് നൽകൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 167, 181 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള കൃഷിഭവൻ, മൃഗാശുപത്രി, പബ്ലിക് ഹെൽത്ത് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും മേൽ ഗ്രാമപഞ്ചായത്തിനുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച ചട്ടം രൂപീകരിക്കാനുണ്ട്. |
| ബി) | ചട്ടങ്ങൾ കാലോചിതമാക്കുന്നതിനും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിനും നിലവിൽ സംവിധാനം ഉണ്ടോ; | ഉണ്ട്. അതാതു മേഖലകളിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആക്ടിന്റെ പരിധിയിൽ നിന്നു കൊണ്ട് ചട്ടങ്ങൾ കാലോചിതമാക്കാൻ ശ്രമിക്കുന്നുണ്ട്. ആക്ട് പ്രകാരം പ്രാഥമിക വിജ്ഞാപനങ്ങൾ വഴി കരട് ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളുടെ അഭിപ്രായം ആരായാൻ വ്യവസ്ഥ ചെയ്യുന്ന സംഗതികളിൽ പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിന് സംവിധാനമുണ്ട്. |
| സി) | സർക്കാർ രൂപം നല്കുന്ന ചട്ടങ്ങൾ കുറ്റമറ്റ നിലയിലാണെന്നുറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | സർക്കാർ രൂപം നൽകുന്ന ചട്ടങ്ങൾ കുറ്റമറ്റ നിലയിലാണെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ അതാത് നിയമത്തിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളുടെ കരട് നിയമവകുപ്പിൽ സൂക്ഷ്മപരിശോധന നടത്തുകയും നിയമസഭയുടെ ബന്ധപ്പെട്ട വിഷയനിർണ്ണയ സമിതിയുടെയും ഏൽപ്പിച്ചുകൊടുത്തനിയമനിർമ്മാണധികാരം സംബന്ധിച്ച സമിതിയുടെയും പരിഗണനയ്ക്ക് വിധേയമാക്കുന്നുണ്ട്. |

| | | |
|---|---|---|
| | | സർക്കാർ രൂപം നൽകുന്ന ചട്ടങ്ങൾ കുറ്റമറ്റ നിലയിലാണെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ അതാത് നിയമത്തിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ നടപടി ക്രമങ്ങളിലെ ഭാഗം 2 ഖണ്ഡിക 20-ലെ ഇനം A(12) അനുസരിച്ച് നിയമവകുപ്പിൽ സൂക്ഷ്മപരിശോധന നടത്തുകയും അതോടൊപ്പം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ അദ്ധ്യായം 20 അനുസരിച്ചുള്ള നടപടി ക്രമങ്ങളും മേൽ ചട്ടങ്ങൾ പ്രകാരം സ്ഥാപിക്കപ്പെട്ട വിഷയ നിർണയ സമിതികളുടെയും ഏൽപ്പിച്ചു കൊടുത്ത് നിയമനിർമ്മാണാധികാരം സംബന്ധിച്ച സമിതികളുടെയും പരിഗണനയ്ക്ക് വിധേയമായിട്ടാണ് ചട്ടങ്ങൾ അന്തിമമായി ഉണ്ടാക്കപ്പെടുന്നതും ഔദ്യോഗിക ഗസറ്റില് വിജ്ഞാപനം ചെയ്യുന്നതും. |
| ഡി) | ചട്ടങ്ങൾ രൂപീകരിക്കുന്ന നിലവിലുള്ള രീതിയിൽ എന്തെങ്കിലും മാറ്റം പരിഗണനയിലുണ്ടോ; നിലവിൽ സംസ്ഥാനത്ത് എത്ര നിയമങ്ങളും ചട്ടങ്ങളും ഉണ്ട്; ഇവയിൽ കാലഹരണപ്പെട്ടതായി കരുതാവുന്നവ എത്രയെന്ന് വ്യക്തമാക്കുമോ? | ഇല്ല. ഓരോ വകുപ്പിന്റെയും ഭാഗമായുള്ള നിയമങ്ങൾ/ചട്ടങ്ങളുടെ എണ്ണം പ്രത്യേകമായി ശേഖരിച്ചിട്ടില്ല. നിയമങ്ങൾ കാലഹരണപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. |

Geetha

സെക്ഷൻ ഓഫീസർ